എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകളിൽ മാനദണ്ഡങ്ങൾക്കനുസരിച്ച് തസ്തികകൾ അനുവദിക്കാൻ നടപടി

76 [1480] ശ്രീ. സി. മോയിൻകുട്ടി:

,, പി. കെ. കെ. ബാവ:

,, സി. മമ്മൂട്ടി:

,, കളത്തിൽ അബ്ദുള്ള:

,, നാലകത്ത് സൂപ്പി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള യൂണിവേഴ്സിറ്റിയുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള എത്ര എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകൾ നിലവിലുണ്ടെന്നും അവ ഏത് വർഷം മുതൽ പ്രവർത്തനമാരംഭിച്ചുവെന്നും പറയാമോ;

(ബി) എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകളിൽ കമ്പ്യൂട്ടർ സയൻസ് ആന്റ് എഞ്ചിനീയറിംഗ് (ബി.ടെക്.) കോഴ്സുകൾ എന്നുമുതലാണ് ആരംഭിച്ചതെന്നും ഈ കോഴ്സിലെ വിദ്യാർത്ഥി-അദ്ധ്യാപക അനുപാതം എത്രയെന്നും വ്യക്തമാക്കാമോ;

(സി) ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജുകളിലെ അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകൾക്ക് ബാധകമുണ്ടോ;

(ഡി) കേരള യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള ഏതെങ്കിലും എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജിൽ കമ്പ്യൂട്ടർ സയൻസ് ആന്റ് എഞ്ചിനീയറിംഗ് കോഴ്സിന് ആവശ്യമായ തസ്തികകൾ അനുവദിക്കണമെന്ന് ടെക്നിക്കൽ എഡ്യൂക്കേഷൻ ഡയറക്ടർ ശുപാർശ ചെയ്ത് സമർപ്പിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ എന്നാണെന്നും ആയതിൽ ധനവകുപ്പിന്റെ അനുമതി ലഭിച്ചോ എന്നും വ്യക്തമാക്കാമോ;

(എഫ്) മാനദണ്ഡങ്ങൾ അനുസരിച്ചുള്ള തസ്തികകൾ അടിയന്തിരമായി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ജി) ബി. ടെക്. (ആർക്കിടെക്ട്) വിഭാഗത്തിൽ തസ്തികകൾ അനുവദിച്ചതു പോലെ കമ്പ്യൂട്ടർ സയൻസ് ആന്റ് എഞ്ചിനീയറിംഗ് വിഭാഗത്തിലും ആവശ്യമായ തസ്തികകൾ അനുവദിക്കുന്നതിനുള്ള തടസ്സം എന്താണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) കേരള യൂണിവേഴ്സിറ്റിയുമായി അഫിലിയേറ്റ് ചെയ്ത ഒരു എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജ് മാത്രമാണുള്ളത്. അത് 1958-ലാണ് പ്രവർത്തനം ആരംഭിച്ചത്.

(ബി) 1984-മുതലാണ് ആരംഭിച്ചത്. വിദ്യാർത്ഥി അദ്ധ്യാപന അനുപാതം ലാബ്/പ്രാക്ടിക്കൽ/വർക്ക്ഷോപ്പ്-15:1, ലക്ചർ ക്ലാസ്-60:1 എന്ന നിലയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ബാധകമാണ്.

(ഡി) ശുപാർശ സമർപ്പിച്ചിട്ടുണ്ട്.

(ഇ) 19-5-2004-ൽ ധനവകുപ്പിന്റെ അനുമതി ലഭിച്ചിട്ടില്ല.

(എഫ്) മാനദണ്ഡമനുസരിച്ചുള്ള തസ്തികകൾ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ജി) ബി. ടെക്. (ആർക്കിടെക്ട്) വിഭാഗത്തിൽ തസ്തികകൾ അനുവദിക്കുന്നത് കൗൺസിൽ ഓഫ് ആർക്കിടെക്ചറിന്റെ നിബന്ധനകൾക്ക് വിധേയമായിട്ടാണ്; എന്നാൽ കമ്പ്യൂട്ടർ സയൻസ് എഞ്ചിനീയറിംഗ് തസ്തികകൾ അനുവദിക്കുന്നത് എ. ഐ. സി. റ്റി.യുടെ നിബന്ധനകൾക്ക് വിധേയമായാണ്.

സ്കൂൾ ശുചീകരണ പാചകത്തൊഴിലാളികളുടെ പ്രശ്നങ്ങൾക്ക് പരിഹാരം

77 [1481] ഡോ: എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ:

(എ) സ്കൂൾ ശുചീകരണ പാചകത്തൊഴിലാളികളുടെ പ്രശ്നങ്ങൾ ഉന്നയിച്ചുകൊണ്ട് ഏതെങ്കിലും യൂണിയനുകൾ നിവേദനം സമർപ്പിച്ചിട്ടുണ്ടോ; ഏതേതു സംഘടനകൾ എന്തൊക്കെയാണ് ഇക്കാര്യത്തിൽ നിവേദനം നൽകിയിട്ടുള്ളത്; ഇതിൻമേൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചു;

(ബി) സ്കൂൾ ശുചീകരണ പാചകത്തൊഴിലാളികൾക്ക് നൽകുന്ന പാചകക്കൂലി വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾവഴി കൂലി ലഭിക്കുന്ന ഇവരെ സർക്കാർ ജീവനക്കാരായി അംഗീകരിച്ച് സർക്കാർ ജീവനക്കാർക്കുള്ള ആനുകൂല്യങ്ങൾ നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ഇക്കൂട്ടരുടെ ക്ഷേമത്തിന് എന്തൊക്കെ പദ്ധതികൾ നടപ്പാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. സ്കൂൾ പാചകത്തൊഴിലാളി സംഘടന സംസ്ഥാനത്തെ സമിതി കോഴിക്കോടും, സ്കൂൾ ശുചീകരണ പാചകത്തൊഴിലാളി കോൺഗ്രസ് (INTUC), കൊല്ലം എന്നീ സംഘടനകൾ 2003-ലും പാചകത്തൊഴിലാളി സംഘടന, തിരുവനന്തപുരം ജില്ലാ കമ്മിറ്റി, പാചകത്തൊഴിലാളി സംഘടന ആലപ്പുഴ ജില്ലാകമ്മിറ്റി എന്നീ സംഘടനകൾ 2004-ലും നിവേദനം നൽകിയിട്ടുണ്ട്. നിവേദനത്തിലെ ആവശ്യങ്ങൾ സർക്കാർ പരിശോധിച്ചുവരികയാണ്.

2/2313/2012/DTP.

LIBRARY ARCHIVES Kerala Legislative Assembly